വാദമില്ല. അതുകൊണ്ട് എൻ.ആർ.ഇ.പി. സ്കീമിൽ പെടുത്തി ഗ്രന്ഥശാലാ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. ടി.എം. ജേക്കബ്: എൻ.ആർ.ഇ.പി. സ്കീമിൽ മിക്കവാറും എല്ലാ പൊതുസ്വഭാവവുമുള്ള കെട്ടിടം നിർമ്മിക്കാനും കഴിയുന്നതാണെന്നാണ് എനിക്ക് തോന്നുന്നത്. എന്തുചെയ്യാൻ കഴിയുമെന്നുള്ളത് ബന്ധപ്പെട്ട വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കാം.

(2) വിദേശത്തു ജോലി ചെയ്യുന്ന മലയാളികൾ നാട്ടിൽ വരുമ്പോൾ നേരിടുന്ന പ്രശ്നങ്ങൾ.—

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ: സർ, മറുനാട്ടിലെ മണൽക്കാടുകളിൽ പകലന്തിയോളം അദ്ധ്വാനിച്ച് വളരെ പ്രതീക്ഷകളോടുകൂടി നാട്ടിലെത്തുമ്പോൾ നരകതുല്യമായ പരിചരണം ലഭിക്കുന്ന ഹതഭാഗ്യരായ കേരളീയരുടെ കഥയാണ് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്. ഈ പ്രശ്നം താഴെ പറയുംപ്രകാരം സംഗ്രഹിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ഒന്നാമതായി കസ്റ്റംസ്കാരുടെ പെരുമാറ്റത്തെക്കുറിച്ചാണ് പറയാനുള്ളത്. ലോകത്ത് ആരു പറഞ്ഞാലും തിരുത്താൻ തയ്യാറില്ലാത്ത വിധം കസ്റ്റംസിൽ ചില കസ്റ്റംസ് നിലനിൽക്കുന്നുണ്ട്. ഈ കസ്റ്റംസ് തിരുത്തിക്കുറിക്കേണ്ടത് അത്യാവശ്യമാണ്. യാത്രക്കാരോട് വളരെ ക്രൂരമായ വിധത്തിലാണ് കസ്റ്റംസുകാർ പെരുമാറുന്നത്. യാതൊരു വിധ തത്വദീക്ഷയുമില്ലാത്ത ഡ്യൂട്ടിയിംഗ് സമ്പ്രദായമാണ് അവർ ചെലുത്തുന്നത്. യഥാർത്ഥത്തിൽ വിദേശത്തുനിന്ന് ജോലിയൊക്കെ ഉപേക്ഷിച്ച് പോരുന്നവർക്കുകൂടി വൻതോതിലുള്ള വിഷമങ്ങളാണ് ഈ ക്രൂരമായ പെരുമാറ്റത്തിനേറെയും ഡ്യൂട്ടിയിംഗ് സമ്പ്രദായത്തിനേറെയും ഫലമായി അനുഭവപ്പെടുന്നത്. അതുകൂടാതെ, വിമാനമിറങ്ങി വീട്ടിലെത്തുന്നതുവരെ വഴിനീളെ ചെക്കിംഗ്, റീചെക്കിംഗ് എന്നൊക്കെയുള്ള പേരിൽ ഈ യാത്രക്കാരെ ക്രിമിനൽസിനെപോലെ പിൻതുടരുന്ന ഒരു അവസ്ഥയാണ് ഇന്ന് നിലവിലുള്ളതെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

രണ്ടാമത്തെകാര്യം എയർ ഇൻഡ്യ വസൂലാക്കുന്ന ചാർജ്ജിനെക്കുറിച്ചാണ്. എയർ ഇൻഡ്യ യാതൊരു തത്വദീക്ഷയുമില്ലാത്ത വിധത്തിൽ അമിതമായ ചാർജ്ജാണ് യാത്രക്കാരിൽനിന്ന് ഈടാക്കുന്നത്. എയർ ഇൻഡ്യയുടെ ഒരു ഉദ്യോഗസ്ഥൻ അതിന് ഈയിടെ പറഞ്ഞിട്ടുള്ള ന്യായീകരണമെന്താണെന്നു വച്ചാൽ "They can afford it." എന്നാണ്. ഒരുപക്ഷേ അവർക്ക് താങ്ങാൻ കഴിയുമായിരിക്കാം, കഴിയുകയില്ലായിരിക്കാം. പക്ഷേ ചാർജ് അമിതമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇക്കാര്യം ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഈയിടെ ഇവിടെ വന്നപ്പോൾ അദ്ദേഹത്തിന്റെ ശ്രദ്ധയിൽ പെടുത്തിയത് സന്തോഷകരമാണ്. അമിതമായ ചാർജ് ഈടാക്കുന്നത് അവസാനിപ്പിക്കണമെന്നാണ് അതിനെക്കുറിച്ച് എനിക്ക് ചൂണ്ടിക്കാണിക്കുവാനുള്ളത്. അതുപോലെതന്നെ നടക്കുന്ന വിവിധ തരം തട്ടിപ്പുകൾ. പാസ്പോർട്ട്, വിസ, എമിഗ്രേഷൻ, ഡ്യൂട്ടിക്ലിയറൻസ് എന്നിവയ

LIBRARY ARCHIVES Kerala Legislative Assembly

ലെല്ലാം തന്നെ ഗൾഫുകാരെ കെണിയിൽ വീഴ്ത്തുന്ന ഒരു ഗൂഢസംഘത്തിന്റെ പ്രവർത്തനം ഇപ്പോഴും അനസ്യൂതം തുടർന്നുകൊണ്ടിരിക്കുകയാണ്. അത്തരം ഗൂഢസംഘങ്ങൾ വരുത്തുന്ന വിനകൾ അവസാനിപ്പിക്കാൻ ആവശ്യമായ നടപടിയുമെടുക്കണമെന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്.

മറെറാന്ന് തിരുവനന്തപുരം വിമാനത്താവളത്തിലെ അസൗകര്യത്തെക്കുറിച്ചാണ് എനിക്ക് പറയുവാനുള്ളത്. തിരുവനന്തപുരം വിമാനത്താവളത്തിലെ അസൗകര്യം മൂലം, ഗൾഫിൽനിന്ന് കൂടുതൽ ഫ്ളൈറ്റ് ഇല്ലാത്തതിന്റെ ഫലമായി മറ് എയർപോർട്ടിൽക്കൂടി വരേണ്ടിവരുന്നതിന്റെ ഫലമായി യാത്രക്കാർ അനുഭവിക്കേണ്ടിവരുന്ന ദുരിതങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയുന്ന വിധത്തിൽ തിരുവനന്തപുരം വിമാനത്താവളത്തിലേക്ക് കൂടുതൽ ഫ്ളൈറ്റുകൾ ഉണ്ടാകുന്നതിനാവശ്യമായ നടപടിയെടുക്കണമെന്നു കൂടി ഞാൻ ആവശ്യപ്പെടുകയാണ്.

അടുത്തതായി എനിക്ക് പറയുവാനുള്ളത് എമ്പസികളിൽ നടക്കുന്ന നിഷ്ക്രിയത്വത്തെക്കുറിച്ചാണ്. നമ്മുടെ നാട്ടിലെ ആളുകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ എമ്പസി ഒരുതരം നിഷ്ക്രിയത്വം പാലിക്കുകയാണ്. അവിടെ മലയാളിയായ ഒരു ഉദ്യോഗസ്ഥനും ഇല്ലെന്നു മാത്രമല്ല, അക്കാര്യത്തിൽ വേണ്ടത്ര ഉത്തരവാദിത്വം നിർവ്വഹിക്കുന്നുമില്ല. എക്സ്റേണൽ അഫയേഴ്സ് മിനിസ്ട്രിയുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

മറെറാരുകാര്യം ഞാൻ ചൂണ്ടിക്കാണിക്കുന്നത് അവരുടെ വോട്ടവകാശത്തെക്കുറിച്ചാണ്. വോട്ടവകാശം രേഖപ്പെടുത്താൻ കഴിയുന്നില്ല എന്ന ദുഃഖം ഇപ്പോഴും മറുനാടുകളിൽ ജോലി ചെയ്യുന്ന മലയാളികൾക്കുണ്ട്. ഇക്കാര്യത്തെ സംബന്ധിച്ചുകൂടി നടപടിയെടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മറെറാരു കാര്യം പുനരധിവാസത്തെക്കുറിച്ചാണ്. 1970—കൾ ഗൾഫ് ബൂമിന്റെ കാലമായിരുന്നുവെങ്കിൽ 1980—കൾ കൂട്ടായ പിരിച്ചുവിടലിന്റെ കാലമാണ്. കൂട്ടായി പിരിച്ചുവിടപ്പെടുന്ന ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്ന മലയാളികളെ സംബന്ധിച്ചിടത്തോളം തൊഴിൽരഹിത കമ്പോളത്തിൽ അത് സൃഷ്ടിക്കുന്ന പ്രശ്നത്തെക്കുറിച്ച് കാലേക്കൂട്ടി കാണാൻ നമുക്ക് സാധിക്കണം. അവരെ പുനരധിവസിപ്പിക്കുന്നതിനാവശ്യമായ കാര്യവും അവർക്ക് വല്ല തൊഴിലോ വ്യാപാരമോ തുടങ്ങുന്ന കാര്യത്തിൽ സബ്സിഡിയും മറും ഏർപ്പെടുത്തുന്ന കാര്യവും ആലോചിക്കണമെന്നാണ് എനിക്ക് അപേക്ഷിക്കുവാനുള്ളത്. ഇത്തരം ഗൗരവപ്രധാനമായ കാര്യങ്ങൾ വളരെയധികം താൽപര്യത്തോടുകൂടി ഗവൺമെൻറ് കണക്കിലെടുക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. നമുക്ക് ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ സാധിക്കണം. അക്കാര്യത്തിൽ സംസ്ഥാന ഗവൺമെൻറിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ സംസ്ഥാന ഗവൺമെൻറും കേന്ദ്ര ഗവൺമെൻറ് ചെയ്യേണ്ട കാര്യങ്ങൾ കേന്ദ്രഗവൺമെൻറിനെകൊണ്ട് ചെയ്യിക്കുന്നതിനാവശ്യമായ നടപടിയെടുക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): നമ്മുടെ കേരളീയർ തൊഴിൽ തേടി വിദേശങ്ങളിലേക്ക് പോയി തിരിച്ചുവരുമ്പോഴും ഉണ്ടാകുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ വളരെ ഹൃദയ സ്പർശിയായി വിശദീകരിച്ചു. ഇതിനെസംബന്ധിച്ച് ഒന്നിലധികം പ്രാവശ്യം ഈ സഭയിൽത്തന്നെ ചർച്ചചെയ്തിട്ടുള്ളതാണ്. അവരുടെ പ്രശ്നങ്ങളും കാലാകാലങ്ങളിൽ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുകയും ചെയ്തിട്ടുണ്ട്. കുറെയെല്ലാം പരിഹാരം ഉണ്ടായിട്ടുണ്ടെന്നു പറയാൻ എനിക്ക് സാധിക്കും. ഇപ്പോഴും തന്നെ തിരുവനന്തപുരത്തുനിന്ന് ഗൾഫിലേക്കുള്ള ഡയറക്ട് ഫ്ളൈറിന്റെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്. എന്റെ അറിവ് ശരിയാണെങ്കിൽ ആഴ്ചയിൽ 9 (ഒമ്പത്) ഫ്ളൈറുകളാണ് ഏർപ്പെടുത്തിയിട്ടുണ്ട്. അതേയവസരത്തിൽ ചാർജ്ജിനെക്കുറിച്ചുള്ള പ്രശ്നം ഇപ്പോഴും തർക്കത്തിലിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടികാണിച്ചപോലെ ഈ അടുത്ത അവസരത്തിൽ തിരുവനന്തപുരം വിമാനത്താവളത്തിന്റെ ഉദ്ഘാടനവേളയിൽത്തന്നെ ഇത് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുകയും അദ്ദേഹം അവിടെവച്ചുതന്നെ ഇതിന് പരിഹാരം ഉണ്ടാക്കാമെന്ന് മറുപടി പറയുകയും ചെയ്തിട്ടുള്ളതാണ്. ഏതായാലും ശരിയാത്രാനിരക്കിനെസംബന്ധിച്ചുള്ള പ്രശ്നം ഇന്ത്യാ ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. ഇന്നുള്ള പ്രത്യേകത എയർ ഇന്ത്യാ സർവ്വീസ് മോണോപ്പോളി ആയതുകൊണ്ട് ഇൻറർനാഷണൽ റേറും അവർ ഏർപ്പെടുത്തിയിട്ടുള്ള റേറും തമ്മിൽ ചെറിയ വ്യത്യാസം ഉണ്ട്. ആ തർക്കമാണ് ഇപ്പോഴും നിലവിലുള്ളത്. ഏതായാലും ശരി ഗവൺമെൻറ് ഓഫ് ഇന്ത്യ അത് പരിശോധിക്കാമെന്ന് പറഞ്ഞിരിക്കുകയാണ്. ഗൾഫിൽനിന്ന് നാട്ടിലേക്ക് വരുന്ന യാത്രക്കാരെ സംബന്ധിച്ചിടത്തോളം ബോംബെയിൽ വളരെ ബുദ്ധിമുട്ടുകളും ഉണ്ടായിരുന്നു, ഇന്നും വളരെ ബുദ്ധിമുട്ടുകളും അനുഭവിക്കേണ്ടിവരുന്നുണ്ടെന്നുള്ളത് ശരിയാണ്. കാരണം അവിടെ വന്നുകഴിഞ്ഞാൽ ക്ലിയറൻസ് കിട്ടാത്തതിന്റെ ഫലമായി കണക്ഷൻ ഫ്ളൈറ് കിട്ടാതെവരികയും അങ്ങനെ ദിവസങ്ങളോളം അവിടെ താമസിക്കേണ്ടിവരുകയും ചെയ്യുന്നുണ്ട്. താമസിക്കാനുള്ള അസൗകര്യങ്ങളും ഉണ്ട്. എന്നുമാത്രമല്ല വിദേശങ്ങളിൽനിന്നു വരുന്ന ആളുകളെ സംബന്ധിച്ചിടത്തോളം നമ്മുടെ ആളുകളുടെ പ്രതീക്ഷ അവർ കാര്യമായി എന്തൊക്കെയോ കൊണ്ടുവരുന്നുവെന്നുള്ളതാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചപോലെ വളരെ കഷ്ടപ്പെട്ട് നമ്മുടെ നാട്ടിലാണെങ്കിൽ അവർ ചെയ്യാൻ ഒരിക്കലും തയ്യാറാകാത്ത ജോലികളുംപോലും കഠിനാദ്ധ്വാനം ചെയ്ത് ജീവിക്കാൻവേണ്ടി തിരിച്ചുവരുമ്പോഴും വല്ലതും കൊണ്ടുവന്നാൽ അത് തട്ടിയെടുക്കാനുള്ള ശ്രമം നടക്കുന്നുവെന്നുള്ളത് നിർഭാഗ്യകരമാണ്. എന്തായാലും തിരുവനന്തപുരം എയർപോർട്ടിനെ സംബന്ധിച്ചിടത്തോളം ഈ അടുത്തകാലത്ത് കുറെ മാറ്റങ്ങളും വരുത്താൻ സാധിച്ചിട്ടുണ്ട്. ഈയിടെ കുറെ ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. സാധാരണ ഒരു ചൊല്ലുണ്ട്, അല്പം പണിക്കാരനേറയും അല്പം പണിയായുധത്തിനേറയും എന്നു പറഞ്ഞതുപോലെ നിശ്ചിത നിരക്കിനേക്കാൾ കൂടുതൽ സാധനം കൊണ്ടുവരുമ്പോൾ ഡ്യൂട്ടി കൊടുക്കേണ്ടിവരും. അത് നിയമത്തിന്റെ ഭാഗമാണ്. ആ ഡ്യൂട്ടിയിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടി മറ്റുചില മാർഗ്ഗങ്ങളും സ്വീകരിക്കും. അതിന്റെ കോംപ്ലിക്കേഷൻസ് ഉണ്ട്. ഇതൊക്കെയാണെങ്കിലും ഗൾഫ് രാജ്യങ്ങളിൽനിന്നു വരുന്നവരെ സംബന്ധിച്ചിട

LIBRARY ARCHIVES Kerala Legislative Assembly

ത്തോളം അവന്റെ എല്ലാമാണ് അവൻ കൊണ്ടുവരുന്നതെന്നുള്ളതു കൊണ്ട് മനുഷ്യത്വപരമായ ഒരു സമീപനമാണ് വേണ്ടത്. ഈ വക കാര്യങ്ങളെക്കുറിച്ച് ഗവൺമെന്റ് ഭാഗത്തുനിന്നും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇനിയും അവർക്കുള്ള ബുദ്ധിമുട്ടുകൾ കുറയ്ക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ: തൊഴിൽ രഹിതരായി തിരിച്ചു വരുന്ന ആളുകളെ പുനരധിവാസം ചെയ്യുന്നതിനും സ്വയംതൊഴിൽ കണ്ടുപിടിക്കുന്നതിനുമുള്ള ചില സാദ്ധ്യതകൾ ആരായുന്നതിന് സ്പെഷ്യൽ ആഫീസറെ വയ്ക്കുകയോ മറ്റ് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുകയോ ചെയ്യാൻ ഗവൺമെന്റ് ആലോചിക്കുമോ, അതിന് തയ്യാറാകുമോ?

ശ്രീ. കെ. കരുണാകരൻ: ഈ അടുത്തകാലത്ത് നമ്മുടെ വ്യവസായ വകുപ്പിൽനിന്ന് ഈ കാര്യങ്ങളെക്കുറിച്ച് ചില നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇന്നിപ്പോൾ അവിടെ ചെന്ന് ഉണ്ടാക്കുന്ന വരുമാനം മിക്കവാറും കെട്ടിടങ്ങൾ പണിയുന്നതിനും ആർഭാടത്തിനും വേണ്ടിയാണ് ചെലവഴിക്കുന്നത്. തിരിച്ചുവരുമ്പോൾ എന്താകുമെന്നുള്ളത് വളരെ ഉൽകണ്ഠാകുലമാണ്, കാരണം വളരെക്കാലം മറ്റുരാജ്യങ്ങളിൽ നമ്മുടെ ആളുകളെ പൊറുപ്പിക്കുമെന്ന് വിശ്വസിക്കാൻ പ്രയാസമാണ്. അവർ തിരിച്ചുവരുമ്പോൾ അവർക്ക് പ്രശ്നങ്ങളുണ്ട്. ആ പ്രശ്നങ്ങളെ സംബന്ധിച്ച് വീക്ഷിക്കുകയാണ്, വ്യവസായത്തിനുള്ള സാദ്ധ്യത വ്യവസായവകുപ്പിൽനിന്ന് ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്.

IV സബ്മിഷൻ

(1) പെൻഷൻ പരിഷ്കരണം

ശ്രീ. പി.വി. കുഞ്ഞിക്കണ്ണൻ: സർ, കേരളത്തിലെ പെൻഷൻ പറ്റിയ ആയിരക്കണക്കിന് അദ്ധ്യാപകൻമാരും സർക്കാർ ജീവനക്കാരും അവർക്ക് ശമ്പള കമ്മീഷൻ റിപ്പോർട്ടിൽ പറയുന്ന ആവശ്യങ്ങൾ അനുവദിച്ചു കിട്ടണമെന്നാവശ്യപ്പെട്ടുകൊണ്ട് മിനിഞ്ഞാന്ന് സെക്രട്ടേറിയറ്റ് പടിക്കൽ ധർണ്ണ നടത്തുകയുണ്ടായി. ഗവൺമെന്റ് തന്നെ ഈ ശമ്പള കമ്മീഷനെ നിയമിക്കുന്ന അവസരത്തിൽ സർക്കാരിനുവേണ്ടി ദീർഘകാലം സേവനമനുഷ്ഠിച്ച് പെൻഷൻ പറ്റിയ ആളുകൾക്ക് എന്തെങ്കിലും നൽകണമെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് ശമ്പള കമ്മീഷൻ കൊടുത്തിട്ടുള്ള നിർദ്ദേശത്തിൽ അത്തരമൊരു കാര്യം ഉൾക്കൊള്ളിക്കാൻ ഇടവന്നത്. എന്നാൽ ശമ്പള കമ്മീഷൻ റിപ്പോർട്ട് ഇവിടെ നടപ്പാക്കികൊണ്ടിരിക്കുന്ന ഒരു സന്ദർഭത്തിൽ പെൻഷൻകാരോട് മാത്രം ഈ അനീതി കാണിക്കുന്നത് ശരിയല്ല. കഴിഞ്ഞ നാലഞ്ചു വർഷങ്ങൾക്കുമുമ്പ് കേന്ദ്രഗവൺമെന്റ് ആവിഷ്കരിച്ച നടപടികളുമായി ബന്ധപ്പെടുത്തി ഈ കാര്യങ്ങളും ആലോചിക്കാൻ ഇനിയും മാസങ്ങൾ വേണമെന്നുള്ള സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. സർക്കാരിന്റെ കീഴിൽ ദീർഘകാലം പ്രവർത്തിച്ചതിനുശേഷം പെൻഷൻ പറ്റിയ ഇവരോട് കാണിക്കുന്ന ഈ അനീതി അവസാനിപ്പിച്ച് ശമ്പള കമ്മീഷൻ റിപ്പോർട്ടിൽ പെൻഷൻ

LIBRARY ARCHIVES Kerala Legislative Assembly